പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 191** **22-06-2026-ൽ മറുപടിയ്ക്ക്**

## <u>മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തലശ്ശേരി നിയോജക മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2021-മുതൽ നാളിതുവരെ സ്വീകരിച്ച നടപടികളും,ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** മലബാർ കാൻസർ സെന്റർ-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2021 മുതൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**1. മലബാർ ക്യാൻസർ സെന്ററിലെ നഴ്സിംഗ് കോളേജിലെ രണ്ടാം ഘട്ട നിർമ്മാണം** :- പ്രസ്തുത പ്രവൃത്തിയ്ക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി 09.08.2021 തീയതിയിലെ സ.ഉ.(സാധാ)നം.1703/2021/ആ.കു.വ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ജി.എസ്.ടി.-യും കൺസൾട്ടൻസി ചാർജ്ജുകളും ഉൾപ്പെടെ ആകെ ₹3,67,57,655/- രൂപ ചെലവ് വന്ന മേൽ പദ്ധതി പൂർത്തിയായിട്ടുണ്ട്.

**2. ഹോസ്പിറ്റൽ ബ്ലോക്ക് പെയിന്റിംഗ് പ്രവൃത്തികൾ ട്രീറ്റ്മെന്റ് ബ്ലോക്ക്, അഡ്മിൻ ബ്ലോക്ക്, ഡോർമിറ്ററി, ഡയറക്ടേഴ്സ് റെസിഡൻസ്, ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ പെയിന്റിംഗും, ചെറുകിട അറ്റകുറ്റപ്പണികളും** :- 09.08.2021 തീയതിയിലെ സ.ഉ.(സാധാ).നം1703/2021/ആ.കു.വ ഉത്തരവ് പ്രകാരം 18 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചു.

**3. നഴ്സിംഗ് കോളേജിലെ രണ്ടാം ഘട്ട നിർമ്മാണം** :- പ്രസ്തുത പ്രവൃത്തിയ്ക്കായി 23.08.2022 തീയതിയിലെ സ.ഉ.(സാധാ)നം.2085/2022/ആ.കു.വ ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ജി.എസ്.ടി.-യും കൺസൾട്ടൻസി ചാർജ്ജുകളും ഉൾപ്പെടെ ആകെ ₹3,67,57,655/- രൂപ ചെലവ് വന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്.

**4. ഐ.പി. ബ്ലോക്ക്, ട്രീറ്റ്മെന്റ് ബ്ലോക്ക്, ഡോർമിറ്ററി എന്നിവയുടെ പെയിന്റിംഗും പരിപാലനവും** :- 23.08.2022 തീയതിയിലെ സ.ഉ.(സാധാ)നം.2085/2022/ആ.കു.വ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**5. റേഡിയോതെറാപ്പി ബ്ലോക്ക് നിർമ്മാണവും, ഒ.പി. ബ്ലോക്ക് നവീകരണവും (രണ്ടാം ഘട്ടം)** :- പ്രസ്തുത പ്രവൃത്തിക്കായി 18.10.2016 തീയതിയിലെ സ.ഉ.(സാധാ) നം.2781/2016/ആ.കു.വ ഉത്തരവ് പ്രകാരം കിഫ്ബി മുഖാന്തിരം 60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**6. കിച്ചൻ ബ്ലോക്ക് നിർമ്മാണം** :- എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് മുഖേന കോമ്പോസിറ്റ് പ്രവൃത്തിയായി മേൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** മലബാർ കാൻസർ സെന്ററിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ പൂർത്തീകരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**മറുപടി:** മലബാർ കാൻസർ സെന്റർ-നായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

**1. മലബാർ ക്യാൻസർ സെന്ററിലെ പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് - ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം പ്രവൃത്തികൾ** :- 09.08.2021 തീയതിയിലെ സ.ഉ.(സാധാ)നം.1703/2021/ആ.കു.വ ഉത്തരവ് പ്രകാരം 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതിയുടെ 99% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2. ഐ.പി ബ്ലോക്കും, ട്രീറ്റ്മെന്റ് ബ്ലോക്കും സംബന്ധിച്ച ട്രസ്, റൂഫിംഗ്, ആന്തരിക-ബാഹ്യ ഫിനിഷിംഗ് പ്രവൃത്തികൾ :-** 09.08.2021 തീയതിയിലെ സ.ഉ.(സാധാ)നം.1703/2021/ആ.കു.വ ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയുടെയും, 23.08.2022 തീയതിയിലെ സ.ഉ.(സാധാ)നം.2085/2022/ ആ.കു.വ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെയും ശേഷിക്കുന്ന ട്രസ്, റൂഫിംഗ്, സൈഡ് കവറിംഗ് പ്രവൃത്തികൾക്കായി 09.03.2023 തീയതിയിലെ സ.ഉ.(സാധാ)നം.2287/2023/ആ.കു.വ ഉത്തരവ് പ്രകാരം 190 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി ജി.എസ്.ടി.-യും കൺസൾട്ടൻസി ചാർജ്ജുകളും ഉൾപ്പെടെ ആകെ 4,99,89,429/- രൂപയുടെ അംഗീകാരം നൽകുകയും പ്രവൃത്തി 55% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**3. കിച്ചൻ & കാന്റീൻ ഫസ്റ്റ് ഫ്ലോർ - ശേഷിക്കുന്ന സിവിൽ, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ, ലിഫ്റ്റ്, സോളാർ, ഫയർ, സി.സി.ടി.വി., വൈ-ഫൈ, പി.എ. സിസ്റ്റം തുടങ്ങിയ പ്രവൃത്തികൾ** :- 09.03.2023 തീയതിയിലെ സ.ഉ.(സാധാ)നം.2287/2023/ആ.കു.വ ഉത്തരവ് പ്രകാരം 212 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

**4. സ്റ്റെംസെൽ തെറാപ്പി ബ്ലോക്ക് (BMT & Cord Blood Bank) നവീകരണം** :- പ്രസ്തുത പ്രവൃത്തിയ്ക്കായി 09.03.2023 തീയതിയിലെ സ.ഉ.(സാധാ)നം.2287/2023/ആ.കു.വ ഉത്തരവ് പ്രകാരം 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

**5. ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് പെയിന്റിംഗ്, പരിപാലന പ്രവൃത്തികൾ** :- പ്രസ്തുത പ്രവൃത്തിയ്ക്കായി 09.03.2023 തീയതിയിലെ സ.ഉ.(സാധാ)നം.2287/2023/ആ.കു.വ ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

**6. ക്യാമ്പസ് പ്രധാന റോഡിന്റെ ഗേറ്റിൽ നിന്ന് ആശുപത്രിവരെ (പാച്ച്, റീ-ടാറിംഗ് വർക്ക്)** :- പ്രസ്തുത പ്രവൃത്തിയ്ക്കായി 09.03.2023 തീയതിയിലെ സ.ഉ.(സാധാ)നം.2287/2023/ആ.കു.വ ഉത്തരവ് പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

**7. സ്റ്റുഡന്റ്സ് ഹോസ്റ്റൽ നിർമ്മാണം (ഫേസ് - II & ഫേസ് - III)** :- പ്രസ്തുത പ്രവൃത്തിയ്ക്കായി 03.07.2024 തീയതിയിലെ സ.ഉ.(സാധാ)നം.1598/2024/ആ.കു.വ ഉത്തരവ് പ്രകാരം 1078.88 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ 13% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

**8. ഐ.പി. ബ്ലോക്കും ട്രീറ്റ്മെന്റ് ബ്ലോക്കും - ശേഷിക്കുന്ന ട്രസ്, റൂഫിംഗ്, സൈഡ് കവറിംഗ് പ്രവൃത്തികൾ** :- 20.02.2025 തീയതിയിലെ സ.ഉ.(സാധാ)നം.489/2025/ആ.കു.വ ഉത്തരവ് പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ട്രസ് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

**9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആൻഡ് റിസർച്ച് (INSeR) കെട്ടിട നിർമ്മാണവും ബാഹ്യ വികസന പ്രവൃത്തികളും** :- പ്രസ്തുത പ്രവൃത്തികൾക്കായി 20.02.2025 തീയതിയിലെ സ.ഉ.(സാധാ)നം.489/2025/ആ.കു.വ ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതിയും, 05.07.2025 തീയതിയിലെ സ.ഉ.(സാധാ)നം.1855/2025/ആ.കു.വ ഉത്തരവ് പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

**10. ബൈസ്റ്റാൻഡേഴ്സ് വെയിറ്റിംഗ് ഏരിയയ്ക്കുള്ള ഫയർ പ്രൊട്ടക്ഷൻ പ്രവൃത്തികൾ** :- 05.07.2025 തീയതിയിലെ സ.ഉ.(സാധാ)നം.1855/2025/ആ.കു.വ ഉത്തരവ് പ്രകാരം 7 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

**11. അപ്രോച്ച് റോഡ് വികസനവും ഭൂമി ഏറ്റെടുക്കലും** :- പ്രസ്തുത പ്രവൃത്തിയ്ക്കായി 15.07.2025 തീയതിയിലെ സ.ഉ(സാധാ) നം. 1958/2025/ആ.കു.വ. നം. ഉത്തരവ് പ്രകാരം 27.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**12. മലബാർ ക്യാൻസർ സെന്റർ (പി.ജി.ഐ.ഓ.എസ്.ആർ.) പുതിയ ബ്ലോക്കിന്റെ രണ്ടാം ഘട്ട നിർമ്മാണം** :- 12.06.2020 തീയതിയിലെ സ.ഉ.(സാധാ)നം.1065/2020/ആ.കു.വ ഉത്തരവ് പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ട് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി 562.245 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി 13.5% പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**13. ഗസ്റ്റ് ഹൗസ് നിർമ്മാണം (രണ്ടാം ഘട്ടം)** :- 25.06.2021 തീയതിയിലെ സ.ഉ.(സാധാ)നം. 1349/2021/ആ.കു.വ ഉത്തരവ് പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ട് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി 23.6825 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**